⇨ *85 ശതമാനത്തിൽ അധികം ക്വാറികളും പ്രകൃതി ദുരന്തങ്ങളുണ്ടായ ഇടങ്ങളിൽ* ⇨

പശ്ചിമഘട്ടം പ്രത്യേകലക്കത്തിന്റെ തുടർച്ചയായി കേരളീയം പശ്ചിമഘട്ട മലനിരകളിലെ വിവിധ പ്രശ്നമേഖലകളിലൂടെ കടന്നുപോവുകയും അവിടെ ഉയർന്നുവരുന്ന ജനകീയ ചെറുത്തുനിൽപ്പുകളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. പശ്ചിമഘട്ട മേഖലയ്ക്ക് വലിയ ഭീഷണിയായി ഇന്ന് കേരളത്തിലാകമാനം നിലനിൽക്കുന്ന ഒരു പ്രധാന പ്രശ്നം ക്വാറികളാണ്. പാരിസ്ഥിതിക സന്തുലനത്തെ തകിടം മറിച്ച്, ജനജീവിതത്തെ ദുസ്സഹമാക്കുന്ന പാറഖനികളുടെ വിസ്ഫോടനങ്ങൾക്ക് നേരെ സമരകാഹളങ്ങളും മുഴങ്ങിത്തുടങ്ങിയിരിക്കുന്നു.
പംക്തി തുടരുന്നു...

# ഉത്തരമലബാറിനെ കൊല്ലുന്ന ക്വാറികൾ

പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന പഠന–ബോധവൽക്കരണ–സമര പ്രചരണ യാത്രയുടെ ഭാഗമായി നേരിൽ കണ്ട ക്വാറികളുടെ പ്രശ്നങ്ങൾ വിശദീകരിക്കുന്നു

■ **ടി.വി. രാജൻ**

**അപൂർവ്വ** ജൈവവൈവിധ്യ കലവറയും കേരളത്തിന്റെ ജീവസ്രോതസ്സുമായ പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനായി, പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പഠന-ബോധവൽക്കരണ-സമര പ്രചരണയാത്ര നവംബർ, ഡിസബർ മാസങ്ങളിൽ വടക്കൻ കേരളത്തിലെ പശ്ചിമഘട്ട മലനിരകളോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ നടക്കുകയുണ്ടായി. മാധവ് ഗാഡ്ഗിൽ സമിതി റിപ്പോർട്ട് നടപ്പിലാക്കുക, അനധികൃത ഖനനങ്ങൾ നിർത്തലാക്കുക, വികസനത്തിന്റെ പേരിൽ നടക്കുന്ന ഭൂമികൈയേറ്റവും കുടിയൊഴിപ്പിക്കലുകളും അവസാനിപ്പിക്കുക എന്നിവയാണ് യാത്ര മുന്നോട്ട് വച്ച മുദ്രാവാക്യങ്ങൾ. കാസർഗോഡ് ജില്ലയിൽ മൂന്ന് ദിവസവും കണ്ണൂർ ജില്ലയിൽ അഞ്ച് ദിവസവും കോഴിക്കോട് ജില്ലയിൽ ആദ്യഘട്ടമെന്ന നിലയിൽ മൂന്ന് ദിവസവുമാണ് യാത്ര ഇപ്പോൾ പിന്നിട്ടിരിക്കുന്നത്. തദ്ദേശവാസികളും, ജാഥാംഗങ്ങളും, കലാസംഘവും ആണ് ജാഥയിൽ പങ്കുചേർന്നു. ആ യാത്രയ്ക്കിടയിൽ കാണാൻ കഴിഞ്ഞ, അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ക്വാറികളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.

### കാസർഗോഡ് ജില്ലയിലെ ക്വാറികൾ

കാസർഗോഡ് ജില്ലയിൽ നിയമവിധേയവും അല്ലാത്തതുമായ ആയിരത്തോളം ക്വാറികൾ  പ്രവർത്തിക്കുന്നുണ്ട്. 85 ശതമാനത്തിൽ അധികം ക്വാറികളും ചെങ്കുത്തായതും നിരവധി ജലസ്രോതസ്സുകൾ ആവിർഭവിക്കുന്നതും പലതവണ ഉരുൾപൊട്ടലുകൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾക്ക് സാക്ഷ്യം വഹിച്ചതുമായ ഇടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അരുവികളുടെ പ്രഭവ കേന്ദ്രങ്ങളിലും കാടുകൾക്കുള്ളിലുള്ള സ്വകാര്യ - റവന്യൂ ഭൂമികളിലുമാണ് ക്വാറികൾ മിക്കവയും പ്രവർത്തിക്കുന്നത്.

### കോളിയാർമല

കേവലം 15 സെന്റ് സ്ഥലത്ത് ഖനനം ചെയ്യുന്നതിന് മാത്രം ലൈസൻസ് സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിച്ചതാണ് ഈ ക്വാറി. ഇപ്പോൾ 10 ഏക്കറിലധികം സ്ഥലത്ത് ഖനനം നടത്തിക്കഴിഞ്ഞു. കൂടുതൽ സ്ഥലങ്ങളിലേക്ക് ഖനനം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. 2000ൽ നടന്ന അപകടത്തിൽ ഇവിടെ മൂന്ന്

⇨ *സമീപപ്രദേശമായ ചട്ടംചാലിലെ ക്വാറി ജനകീയ സമരത്തെത്തുടർന്ന് അടച്ചുപൂട്ടുകയുണ്ടായി* ⇨



പേർ ജീവഹാനിയുണ്ടായി. വിപുലമായ ഖനന സന്നാഹമാണ് ഉടമകൾ ഇവിടെ സജ്ജമാക്കിയിട്ടുള്ളത്.

### ചളത്ത്മല

ഒരുവൻകിട ക്വാറിയാണിത്. പരിസ്ഥിതി പ്രവർത്തകരുടെ മുൻകൈയിൽ ശക്തമായ സമരം നിലനിൽക്കുന്ന ക്വാറികൂടിയാണ് ചള്ളത്ത്മല. നിലവിൽ കോടതിയിൽ കേസ് നടക്കുന്നു. കോടതിയുടെ അനുവാദത്തോടെ തന്നെ ഖനനവും നടക്കുന്നുണ്ട്.

### പാലാട്ട് ക്വാറി

തേജസ്വിനി പുഴയരികിൽ പ്രവർത്തിക്കുന്ന, വലിയ ക്വാറിയാണിത്. വൻ യന്ത്രസന്നാഹങ്ങൾ ഉപയോഗിച്ചാണ് ഇവിടെ ഖനനം നടക്കുന്നത്. ഇതിനടുത്തായി വെള്ളരിക്കുണ്ട് ക്വാറിയും ബീമനടി ക്വാറിയും പ്രവർത്തിക്കുന്നുണ്ട്. തേജസ്വിനി പുഴയിലേക്കുള്ള നീരൊഴുക്കുകളെ ഈ ക്വാറികൾ നശിപ്പിക്കുന്നു. ചീമേനിക്കടുത്ത് ഞെണ്ടാടിയിലും വലിയ ക്വാറി പ്രവർത്തിക്കുന്നുണ്ട്. സമീപപ്രദേശമായ ചട്ടംചാലിലെ ക്വാറി ജനകീയ സമരത്തെത്തുടർന്ന് അടച്ചുപൂട്ടുകയുണ്ടായി. പൊയിനാച്ചി, പെറവളടുക്ക, കല്ലടിമുനമ്പ്, ബേഡകം, കുണ്ടംകുഴി, കുറ്റിക്കോൽ തുടങ്ങിയ പ്രദേശങ്ങളിലും ഖനനം തീവ്രമായ രീതിയിൽ നടക്കുന്നുണ്ട്. ഇതിൽ പറവളടുക്ക ക്വാറി സ്ഥിതി ചെയ്യുന്നത് കരിശ്ശേരി പുഴയുടെ ഉത്ഭവസ്ഥലത്താണ്. മാടക്കല്ല്, ചുള്ളിക്കര, ഒടയംചാൽ, എടത്തോട്, ക്വാളിയാർ പ്രദേശങ്ങളിലും ഖനനം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ നടക്കുന്നുണ്ട്.

### ഇയ്യങ്കല്ല് ക്വാറി

യന്ത്രവൽകൃത സംവിധാനത്തോടെയാണ് ഇവിടെ ഖനനം നടക്കുന്നത്. മന്തപ്പൻ തോടിന്റെ ഉത്ഭവ സ്ഥാനത്താണ് ക്വാറി സ്ഥിതി ചെയ്യുന്നത്. ഈ അരുവിയിൽ നീരൊഴുക്ക് നിലച്ചിട്ട് ഇപ്പോൾ നാളുകളേറെയായി.

### പയറ്റിയാച്ചൽ - ചേപ്പറമ്പ് ക്വാറികൾ

ചെമ്പേരി ടൗണിന്നടുത്താണിവ സ്ഥിതി ചെയ്യുന്നത്. 12 ഏക്കർ സ്ഥലത്ത് നിന്നും ഖനനം ചെയ്യാൻ അനുമതി നേടി പ്രവർത്തനം ആരംഭിച്ചു. എന്നാൽ ഖനനം, ഇരുപത്, ഇരുപത്തിയഞ്ച് ഏക്കറിലധികമായി. ഇനിയും ഖനനം തുടരുന്നു.

### കണ്ണൂർ ജില്ലയിലെ ക്വാറികൾ

ആയിരത്തിലധികം ക്വാറികളാണ് കണ്ണൂർ ജില്ലയിലുള്ളത്. ചെങ്കൽ ക്വാറികളുടെ സാന്നിദ്ധ്യം കൂടുതലായി കാണുന്ന ജില്ല കൂടിയാണ് കണ്ണൂർ. ക്വാറി ഉടമകളിൽ നിന്നും വളരെ മോശമായ പ്രതികരണമാണ് കണ്ണൂർ ജില്ലയിൽ യാത്രാ സംഘത്തിന് നേരിടേണ്ടി വന്നത്. പല ക്വാറികളിലും പ്രവേശിക്കാൻ ഉടമകൾ ഞങ്ങൾക്ക് അനുവാദം തന്നില്ല. ചില സ്ഥലങ്ങളിൽ 4–5 പേരുള്ള സംഘത്തെ മാത്രമാണ് ക്വാറികളിൽ പ്രവേശിപ്പിച്ചത്. നൂറിലധികം ഏക്കർ സ്ഥലം കൈശത്തിലുള്ള ഉടമകൾ പലരും തങ്ങളുടെ സ്ഥലത്തേക്ക് ആരും പ്രവേശിക്കാതിരിക്കാൻ കാവൽക്കാരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ വാഹനങ്ങൾ അല്ലാത്തവ തടയുന്നതിന് വേണ്ടി സ്ഥാപിച്ചിട്ടുള്ള മുള കൊണ്ടുണ്ടാക്കിയ ചെക്ക്പോസ്റ്റുകളും പല യിടങ്ങളിലും കാണാൻ കഴിഞ്ഞു. ചില ക്വാറി മുതലാളിമാർ ജാഥാംഗങ്ങളുടെ കൈവശമുണ്ടായിരുന്ന ക്യാമറകളും വീഡിയോ റിക്കാർഡറും തട്ടിയെടുക്കാൻ ശ്രമിച്ചു. ചില സ്ഥലങ്ങളിൽ തങ്ങളുടെ തൊഴിലാളികളെ അയച്ച് സംഘടിതമായി ഞങ്ങളെ തടയാനുള്ള ശ്രമവും നടന്നു.

### കൊട്ടത്തലച്ചിമല

85 ശതമാനത്തിലധികം ചെങ്കുത്തായ കുന്നാണിത്. ഖനനം ആരംഭിച്ചതുമുതൽ മഴക്കാലങ്ങളിൽ ഉരുൾപൊട്ടൽ അനുഭവപ്പെടുന്ന സ്ഥലം കൂടിയാണ് കൊട്ടത്തലച്ചിമല. തന്മൂലം തദ്ദേശവാസികളുടെ നിരന്തരമായ സമരം ഇവിടെ നടന്നു. ജനങ്ങളുടെ ചെറുത്ത് വ്യാപകമായ പിന്തുണ ലഭിച്ചതോടെ

ക്വാറി ഉടമസ്ഥർക്ക് ഖനനം അവസാനിപ്പിച്ച് സ്ഥലം വിടേണ്ടിവന്നു. എങ്കിലും പരിസ്ഥിതിക്ക് ഈ ക്വാറി ഏൽപ്പിച്ച ആഘാതം അപരിഹാര്യമായി തുടരുന്നു.

### ജോസ്ഗിരി

ഒരു അരുവിയുടെ പ്രഭവസ്ഥാനമായിരുന്നു ജോസ്ഗിരി. ഖനനം ആരംഭിച്ചതോടെ അരുവി അപ്രത്യക്ഷമായി. ഖനനം ഇപ്പോഴും തുടരുകയാണ്. വിപുലമായ യന്ത്രസാമഗ്രികൾ ഉപയോഗിച്ചാണ് ഖനനം.

### ആലങ്കോട് - പരപ്പ് ക്വാറി

നൂറ്റിനാല്പതിലധികം ഏക്കർ സ്ഥലം കൈവശപ്പെടുത്തിയാണ് ഖനനം തുടങ്ങിയത്. 12 ഏക്കർ സ്ഥലത്ത് ഖനനം നടത്താൻ മാത്രമാണ് അനുമതി ലഭിച്ചത്. നൂറിലധികം തൊഴിലാളികളാണ് ഇവിടെ പണിയെടുക്കുന്നത്. ആധുനികമായ പല

> വെടിപൊട്ടിച്ച് പാറ ഖനനം
> നടത്തുമ്പോൾ വലിയ കരിങ്കൽ കഷ്ണങ്ങൾ
> തെറിച്ചുവീണ് കേടുപറ്റിയ വീടുകൾ
> ഞങ്ങൾക്ക് നേരിൽ കാണാൻ കഴിഞ്ഞു

യന്ത്രങ്ങളും ഖനനത്തിനായി ഉപയോഗിക്കുന്നു. സമീപത്തുണ്ടായിരുന്ന രണ്ട് തോടുകൾ വറ്റി അപ്രത്യക്ഷമായി. ചെറുപുഴ, പുളിങ്ങോം തുടങ്ങിയ സമീപ സ്ഥലങ്ങളിലും വലിയ ക്വാറികൾ പ്രവർത്തിക്കുന്നു. ശ്രീകണ്ഠാപുരം, പയ്യാവൂർ, അരിക്കാമല, ആനക്കുണ്ട് തുടങ്ങിയ സ്ഥലങ്ങളിലും ഖനനം വ്യാപകമാണ്. രയറോര, കരുവാൻചാൽ, നൂലിട്ടാമല, പ്ലാപൊയിൽ, മണക്കടവ്, കാപ്പിമല, കനകമല, പെരിങ്ങത്തൂർ തുടങ്ങിയ സ്ഥലങ്ങളിലും ചെറുതും വലുതുമായ ക്വാറികൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

### മൊളോത്ത് കുന്ന്

ആറ് ക്വാറികൾ ഒരു മലക്ക് ചുറ്റും പ്രവർത്തിക്കുന്ന കാഴ്ച നമുക്കിവിടെ കാണാം. ഇതിൽ മൊളോത്ത് ക്വാറിക്ക് സമീപത്തു കൂടിയാണ് വിദ്യാർത്ഥികൾ ഉൾപ്പെടെ, നിരവധിപേർ ദിവസവും സഞ്ചരിക്കാറുള്ള പൊതുവഴി കടന്നുപോകുന്നത്. ഇവിടെ ക്വാറിയിൽ വെടിപൊട്ടിക്കുന്ന സമയം എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. വെടിപൊട്ടിച്ച് പാറ ഖനനം നടത്തുമ്പോൾ വലിയ കരിങ്കൽ കഷ്ണങ്ങൾ തെറിച്ച് വീണ് കേടുപറ്റിയ വീടുകൾ ഞങ്ങൾക്ക് നേരിൽ കാണാൻ കഴിഞ്ഞു. എന്നിട്ടും പിറന്നുവീണ മണ്ണ് വിട്ടുകൊടുക്കാനോ, സ്ഥലം വിട്ടുപോകാനോ തദ്ദേശവാസികൾ തയ്യാറല്ല.

### കൂട്ടുപുഴ

കൂട്ടുപുഴക്ക് വടക്ക് ഭാഗത്തുള്ള അയ്യൻകുന്ന് പ്രദേശത്ത് ഇടതടവില്ലാതെ 22 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. മഴക്കാലത്ത് പാറപ്പൊടിയും ഇതര മാലിന്യങ്ങളും താഴ്വാരങ്ങളിലേക്ക് ഒഴുകിയെത്തി കൃഷിയിടങ്ങളും മറ്റും നശിക്കുന്നതായി വ്യാപകമായ പരാതിയുണ്ട്. അയ്യൻകുന്ന് പഞ്ചായത്തിൽ നിലവിലുള്ള 22 ക്വാറികൾക്ക് പുറമേ, പുതിയ രണ്ട് ക്വാറികൾക്ക് കൂടി അനുമതി ലഭ്യമായിട്ടുണ്ട്. കൃഷ്ണശിലയാണ് ഇവിടെ ഖനനം ചെയ്തെടുക്കുന്നത്. പേട്ടെ, ആലക്കുണ്ട്, ഇരിട്ടി തുടങ്ങി സ്ഥലങ്ങളിലും ക്വാറികൾ പ്രവർത്തിച്ചുവരുന്നു. കൂട്ടുപുഴക്കടുത്ത് മറ്റൊരു വലിയ മലയുടെ വിവധ ഭാഗങ്ങളിലായി ആറ് ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ഉദ്യോഗസ്ഥ-രാഷ്ട്രീയ ക്വാറി മാഫിയകളുടെ കൂട്ടുകെട്ടിന് വ്യക്തമായ ഉദാഹരണമാണ് ആ അനധികൃത ക്വാറി. എവറസ്റ്റ് ക്വാറി ഉൾപ്പെടെയുള്ളവർ കേരള സംസ്ഥാനതിർത്തിയിലെ പാറക്കൂട്ടങ്ങൾ ഖനനം ചെയ്തെടുത്തതിനുശേഷം കർണ്ണാടക വനത്തിലേക്ക് കൂടി പ്രവർത്തനം വ്യാപിച്ചതായി കണ്ടു. അതിർത്തി കടന്നുള്ള ഖനനം അവസാനിപ്പിക്കണമെന്നും അനധികൃത ഖനനത്തിനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കർണ്ണാടക സർക്കാർ  അയച്ച കത്തുകളൊന്നും സംസ്ഥാന സർക്കാർ പരിഗണിച്ചിട്ടില്ല. കർണ്ണാടക അതിർത്തിയിൽ നിബിഡവനത്തിനുള്ളിൽ പോലും ക്വാറികൾ പ്രവർത്തിക്കുന്നത് കണ്ടു.

### നെടുപൊയിൽ ക്വാറി

നിബിഡ വനമായ കണ്ണവം വനത്തിലുള്ളിലെ സ്വകാര്യഭൂമിയിലാണ് നെടുംപൊയിൽ ക്വാറി പ്രവർത്തിക്കുന്നത്. 25 വർഷമായി ഈ ക്വാറി പ്രവർത്തിക്കുന്നുണ്ട്. വനനശീകരണത്തിനും വന്യജീവികളുടെ സൈ്വര വിവാരം തടസ്സപ്പെടുത്തുന്നതിനും ഈ ക്വാറി കാരണമാകുന്നു. സമീപത്തെ വനത്തിനുള്ളിലേയ്ക്കും ഖനനം വ്യാപിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

*(തുടരും)*

**അടുത്തലക്കത്തിൽ**
കോഴിക്കോട് ജില്ലയിലെ ക്വാറികൾ